# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5860** 25.05.2017-ൽ **മറുപടിക്ക്**

2006-2011 ലെ സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br>ശ്രീ. **അനൂപ് ജേക്കബ്** : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചിട്ടുള്ള മണ്ഡലങ്ങളിൽ ചില വീടുകളിൽ ഇപ്പോഴും വൈദ്യുതി ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഉണ്ട്. 19.05.2017 ലെ കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ലഭിച്ച 1,52,466 അപേക്ഷകളിൽ 1,50,323 വീടുകൾക്ക് വൈദ്യുത കണക്ഷൻ നൽകിയിട്ടുണ്ട്. വനം വകുപ്പിന്റെ അനുമതി താമസിച്ച് ലഭിച്ചതോ ലഭിക്കാത്തതോ ആയ ചില പ്രദേശങ്ങളിലും, മറ്റു ഭൂഉടമകളുടെ എതിർപ്പിനെ തുടർന്ന് റവന്യൂ അധികൃതരിൽ നിന്നും കോടതിയിൽ നിന്നും തീർപ്പിനായി കാത്തിരിക്കുന്നതും നിശ്ചിത സമയത്തിനുള്ളിൽ വയറിംഗ് പൂർത്തിയാകാത്തതുമായ ഗുണ ഭോക്താക്കൾക്കാണ് പ്രധാനമായും ഇനിയും വൈദ്യുതി കണക്ഷൻ നൽകാനാകാത്തത്. ഭൂഗർഭ കേബിൾ/ഏരിയൽ ബഞ്ച് കേബിൾ (ABC) ഉപയോഗിച്ച് മാത്രം വൈദ്യുതി എത്തിക്കാൻ അനുവാദം ലഭിച്ച ചില കോളനികളിലും, വൈദ്യുതി എത്തിക്കാൻ ഏതാനും ദിവസം കൂടി ആവശ്യമാണ്. |
| (ബി) | ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | | |
| (സി) | 2006-2011 ലെ സർക്കാരിന്റെ കാലത്ത് സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി)<br>&<br>(ഡി) | 2006-11 സർക്കാരിന്റെ കാലത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ പെടുത്തി പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ മുഴുവൻ മണ്ഡലങ്ങൾ ഉൾപ്പെടെ 86 മണ്ഡലങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിച്ചിരുന്നു. |
| (ഡി) | ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | | |

Hemalatha

**സെക്ഷൻ ഓഫീസർ**